# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4166 — 24.06.2019-ൽ മറുപടിയ്ക്ക്

### മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം.ജോൺ** | | **അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിയുടെ ലഭ്യത ഉറപ്പവരുത്തുന്നതിന് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) | സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ ഒരു ചെറിയ ശതമാനം ഇറച്ചി മാത്രമേ എം.പി.ഐ സംസ്കരിച്ച് വിതരണം നടത്തുന്നുള്ളൂ. 35 ഇനം ഇറച്ചി ഉൽപന്നങ്ങൾ കമ്പനി വിപണിയിൽ ഇറക്കുന്നു. പഴയ ഫാക്ടറിയുടെ ഉൽപ്പാദന ശേഷി ദിനം പ്രതി കേവലം 1 മെട്രിക് ടൺ ആണ്. ഇതു പരിഹരിക്കാൻ ഒരു അത്യാധുനിക മാംസ സംസ്കരണ ഫാക്ടറി പണി പൂർത്തിയായി ട്രയൽ റൺ കഴിഞ്ഞ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം നടത്താൻ തയ്യാറായിട്ടുണ്ട്. ഇതിൽ ദിനംപ്രതി ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പുചെയ്ത് 25 മെട്രിക്ക് ടൺ ഇറച്ചി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. മൃഗങ്ങളെ വാങ്ങാൻ അവശ്യം വേണ്ട പ്രവർത്തന മൂലധനം ലഭ്യമായാൽ രണ്ടു ഷിഫ്റ്റുവഴി ദിവസവും 50 മെട്രിക് ടൺ ഇറച്ചി ഉൽപ്പാദിപ്പിക്കാനാവും. |
| ബി) | മൂല്യവർദ്ധിത ഉല്പന്നങ്ങൾ സംസ്കരിക്കുവാനുള്ള പുതിയ പ്ലാന്റ് തുടങ്ങുവാൻ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ തീരുമാനിച്ചിട്ടുണ്ടോ; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | ബി) | മൂല്യവർദ്ധിത മാംസ ഉൽപ്പന്നങ്ങൾ (സോസേജ്, കട് ലറ്റ്, കബാബ്, നഗട്ട്സ്, പച്ചക്കറികളും പഴവർഗ്ഗങ്ങളും, പാൽ, വെണ്ണ ഇവ മിശ്രിതമാക്കിയുള്ള ഉൽപ്പന്നങ്ങൾ) എന്നിവ റെഡി ടു ഈറ്റ് കണ്ടീഷനിൽ സംസ്കരിച്ച് നൽകാൻ "വാല്യൂ ആഡഡ് പ്രൊസ്സഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി " എന്ന ഒരു പദ്ധതി കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിലെ വിളക്കുപാറയിൽ പഞ്ചായത്ത് അനുവദിച്ച് നൽകിയിട്ടുള്ള ഒരു ഏക്കർ |

| | | | |
|---|---|---|---|
| | | | സ്ഥലത്ത് സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി നബാർഡ്,ആർ.ഐ.ഡി.എഫ് വായ്പയായി 1150 ലക്ഷം രൂപയും സർക്കാർ വിഹിതമായി 200 ലക്ഷം രൂപയും ചേർത്ത് ആകെ 1350 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. പദ്ധതി 2020-മെയ് മാസത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ആയതിലേയ്ക്കായി ഇ-ടെൻഡർ തീർപ്പാക്കി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ലാൻഡ് ഡവലപ്പ്മെന്റ്, സോയിൽ സർവ്വെ, റോഡ് സൗകര്യം ഇവ പൂർത്തിയായി. ഫാക്ടറി പണി തുടങ്ങാൻ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ടൗൺപ്ലാനിംങ് അതോറിറ്റി, ഫയർ & റെസ്ക്യൂ ഇവരുടെ അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.പ്ലാന്റ് & മെഷിനിറി ലഭ്യമാക്കാനുള്ള മുൻകൂട്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| സി) | കശാപ്പിനായുള്ള മൃഗങ്ങളെ സ്വന്തമായി ത്തന്നെ വളർത്തിയെടുക്കുന്നതിന് കമ്പനി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | ഉണ്ട്. കമ്പനിയ്ക്ക് സ്വന്തമായി ചാലക്കുടിയിലുള്ള 16 ഏക്കർ സ്ഥലത്ത് കാള/പോത്ത് കിടാരികളെ വളർത്താൻ 19.50 ലക്ഷം രൂപ ചിലവിൽ ഒരു കന്നുകാലി വളർത്തൽ കേന്ദ്രം തുടങ്ങാനുള്ള പ്രോജക്ട് സർക്കാർ ശുപാർശയോടെ നബാർഡിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. നബാർഡ് 1100 ലക്ഷം, സംസ്ഥാന സർക്കാർ ഗ്രാന്റ് 600 ലക്ഷം, എം.പി.ഐ ഷെയർ 250 ലക്ഷം എന്നിങ്ങനെയാണ് പ്രസ്തുത പദ്ധതിയുടെ മുതൽ മുടക്ക്. ഒരു തുടർ പദ്ധതിയായ ഇതിൽ രണ്ടു ബാച്ചുകളിലായി 30,000 കിടാരികളെ വളർത്തുന്നതിനുള്ള സൗകര്യമാണുള്ളത്. എന്നാൽ കമ്പനിയുടെ ആവശ്യത്തിന് ഇതു തികയുകയില്ലാത്തതിനാൽ ബൈ ബാക്ക് സിസ്റ്റത്തിൽ സബ്സിഡി നൽകി കർഷകർക്ക് കിടാരികളെ വളർത്താൻ കൊടുത്ത് തിരിച്ചെടുക്കുന്ന ഒരു പദ്ധതി മീറ്റ് പ്രോഡക്ട്സ്ഓഫ്ഇന്ത്യവിഭാവനംചെയ്തിട്ടുണ്ട്. ചാലക്കുടി പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആദ്യഗഡു സംസ്ഥാന വിഹിതമായി 150 ലക്ഷവും നബാർഡ് വായ്പയായി 550 ലക്ഷവും |

| | | | |
|---|---|---|---|
| | | | വകകൊള്ളിച്ചിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിച്ചാൽ ഈ വർഷം തന്നെ ഇതു നടപ്പിലാക്കുവാൻ സാധിക്കും. |
| ഡി) | വൈവിധ്യവൽക്കരണം, പ്രവർത്തന വികേന്ദ്രീകരണം എന്നിവയിലൂടെ കമ്പനി ഇതിനകം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ; എങ്കിൽ കമ്പനിയുടെ പ്രവർത്തനം കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുവാനായി ശ്രമങ്ങൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | ഉറവിടത്തിൽതന്നെ മാലിന്യം സംസ്കരിക്കാനുള്ള സർക്കാരിന്റെ നയം സ്വീകരിച്ച് ഇൻഡ്യയിലെതന്നെ ഏറ്റവും മെച്ചമായ ഇറ്റാലിയൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ഒരു അത്യാധുനിക മാലിന്യ സംസ്കരണപ്ലാന്റ് എം.പി.ഐ യിൽ സ്ഥാപിച്ചിട്ടുണ്ട്.അറവു മാലിന്യങ്ങൾ പൂർണ്ണമായും ഇവിടെ സംസ്കരിക്കുന്നു. ദിനംപ്രതി 12 മെട്രിക് ടൺ മാലിന്യങ്ങൾ ഇവിടെ സംസ്കരിച്ച് ഏതാണ്ട് 6 മെട്രിക് ടണ്ണോളം മൂല്യവർദ്ധിത ഉല്പന്നങ്ങളും എല്ലുപൊടി, ബ്ലഡ് മീൽ, ടാലോ എന്നീ ഉപ ഉൽപ്പന്നങ്ങളും ഉണ്ടാക്കാൻ സാധിക്കും.<br>മൃഗങ്ങളുടെ പിത്താശയം, വാൽവുകൾ, പെരിക്കാർഡിയം എന്നിവ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് മനുഷ്യ ഹൃദയ ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കാൻ വാണിജ്യാടിസ്ഥാനത്തിൽ നൽകി വരുന്നു.<br>വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് നിലവിലുള്ള കോഴിസംസ്കരണ പ്ലാന്റിന് ഒരു റെൻഡറിംഗ് പ്ലാന്റ്, ഒരു അത്യാധുനിക പിഗ് ഷെഡ്, ഭക്ഷ്യസുരക്ഷയ്ക്ക് മുൻഗണന നൽകികൊണ്ടുള്ള അവയർനെസ് പ്രോഗ്രാം സ്കൂൾ/ കോളേജ് തലത്തിൽ സംഘടിപ്പിക്കൽ, ആദിവാസി സമൂഹത്തിന് തൊഴിൽ സാദ്ധ്യത മുന്നിൽക്കണ്ട് അവരുടെ ഊരുകൾ കേന്ദ്രീകരിച്ച് നിർദ്ദേശിക്കുന്ന പ്രദേശത്ത് കന്നുകാലി കിടാരികളെ വളർത്തി തിരിച്ചെടുക്കൽ പദ്ധതി, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് മീറ്റ് ഷോപ്പ് നടത്താൻ 3 ലക്ഷം രൂപവരെ നൽകി നടപ്പാക്കൽ ഇവയും എം.പി.ഐ ഏറ്റെടുത്തു നടത്തുന്നു. |

| | | | |
|---|---|---|---|
| | | | പ്രവർത്തന വികേന്ദ്രീകരണത്തിനായി മാർക്കറ്റിംങ് സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 3 റീജീയണുകളായി തിരിച്ച് പ്രൊഫഷണലുകളെ മാർക്കറ്റിംഗ് പ്രവർത്തനത്തിന് വിന്യസിക്കുന്നു. മൃഗസംരക്ഷണവകുപ്പിന്റെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും എം.പി.ഐ യുടെ മീറ്റ് ഷോപ്പുകൾ തുറക്കാൻ നടപടിയായിട്ടുണ്ട്. ഈ വർഷം കൊണ്ട് ഡീലർ നിയമനം 1000-ൽ എത്തിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ